REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 31-10-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തിൽ രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും ശ്രദ്ധാഞ്ജലി അർപ്പിച്ചു.**
- **നക്സലിസത്തിനും, മാവോയിസ്റ്റ് ഭീകരതയ്ക്കുമെതിരെ കേന്ദ്രം ശക്തമായ തിരിച്ചടി നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ 41-ാം രക്തസാക്ഷിത്വ ദിനം രാജ്യം ഇന്ന് ആചരിക്കുന്നു.**
- **ഇന്ത്യൻ ഹോക്കി ഇതിഹാസ താരം ഒളിമ്പ്യൻ മാനുവൽ ഫ്രെഡറിക് ബംഗളുരുവിൽ അന്തരിച്ചു.**
- **ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഉച്ചയ്ക്ക് മെൽബണിൽ.**

## വാർത്തകൾ വിശദമായി

**സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്രമോദിയും ശ്രദ്ധാഞ്ജലി അർപ്പിച്ചു. ന്യൂഡൽഹിയിലെ പട്ടേൽ ചൗക്കിൽ രാഷ്ട്രപതി ദ്രൗപതി മുർമു പുഷ്പങ്ങൾ അർപ്പിച്ചു.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.**

**......(വോയ്സ്)....**

**വോയ്സ് - പട്ടേൽ- രാഷ്ട്രപതി ദ്രൗപതി മുർമു**

ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ശ്രദ്ധാഞ്ജലിയർപ്പിച്ചു. പട്ടേലിന്റെ അചഞ്ചലമായ ദൃഢനിശ്ചയും, ദർശനവും വൈവിധ്യമാർന്ന രാഷ്ട്രത്തെ ഒരൊറ്റ ജനാധിപത്യ റിപ്പബ്ലിക്കായി മാറ്റിയെന്ന് ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഇന്ത്യയുടെ ഏകീകരണത്തിനു പിന്നിലെ പ്രേരകശക്തി സർദാർ വല്ലാഭായ് പട്ടേലാണെന്നും, അതുവഴി രൂപീകരണ വർഷങ്ങളിൽ രാജ്യത്തിന്റെ വിധി രൂപപ്പെടുത്തിയെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വല്ലാഭായ് പട്ടേലിന്റെ ദർശനം ഉയർത്തിപ്പിടിച്ച് കൂട്ടായ ദൃഢനിശ്ചയത്തോടെ മുന്നേറാൻ പ്രധാനമന്ത്രി ജനങ്ങളെ ആഹ്വാനം ചെയ്തു.

✪✪✪

2014 മുതൽ നക്സലിസത്തിനും, മാവോയിസ്റ്റ് ഭീകരതയ്ക്കുമെതിരെ കേന്ദ്രഗവൺമെന്റ് നിർണായകവും ശക്തവുമായ തിരിച്ചടി നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഗുജറാത്തിലെ ഏകതാ നഗറിൽ ഏകതാ പ്രതിജ്ഞയ്ക്കു ശേഷം ചേർന്ന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

2014 നു മുമ്പ് രാജ്യത്തെ നൂറോളം ജില്ലകൾ മാവോയിസ്റ്റ് പ്രവർത്തനങ്ങളുടെ പിടിയിലായിരുന്നു. എന്നാൽ ഇന്ന് മാവോയിസ്റ്റ് സ്വാധീന ജില്ലകളുടെ എണ്ണം 11 ആയി കുറഞ്ഞെന്ന് അദ്ദേഹം പറഞ്ഞു.

മൂന്ന് ജില്ലകളിൽ മാത്രമാണ് നക്സലൈറ്റുകൾക്ക് കൂടുതൽ സ്വാധീനമെന്നും നരേന്ദ്രമോദി അറിയിച്ചു. ഏകതാപ്രതിജ്ഞയിൽ രാജ്യവ്യാപകമായി പങ്കെടുത്തവരെ അഭിനന്ദിച്ച പ്രധാനമന്ത്രി ദേശീയ ഐക്യം ശക്തിപ്പെടുത്താൻ ഇത് കൂട്ടായ ദൃഢനിശ്ചയം ഉറപ്പിച്ചെന്നും വ്യക്തമാക്കി.

✪✪✪

നാട്ടുരാജ്യങ്ങളേ ഏകീകരിച്ച് സർദാർ വല്ലാഭായ് പട്ടേൽ രാജ്യത്തിന്റെ ഐക്യവും സുരക്ഷയും ശക്തിപ്പെടുത്തിയെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ ഓർമ്മിപ്പിച്ചു. കർഷകരെയും പിന്നാക്കക്കാരെയും

നിരാലംബരെയും സഹകരണ സംഘങ്ങളിലൂടെ കൂട്ടിയിണക്കി സ്വയം തൊഴിലിലേക്കും, സ്വാശ്രയത്വത്തിലേക്കും നയിക്കാൻ പട്ടേലിന് കഴിഞ്ഞെന്ന് അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം കവടിയാർ വിവേകാനന്ദ പ്രതിമക്ക് സമീപം യൂണിറ്റി റൺ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഫ്ലാഗ് ഓഫ് ചെയ്തു. സംസ്ഥാന വ്യാപകമായി ഏകതാ കൂട്ടയോട്ടവും മറ്റു പരിപാടികളും സംഘടിപ്പിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).....

കോഴിക്കോട് സിറ്റി പോലീസ് സംഘടിപ്പിച്ച റൺ ഫോർ യൂണിറ്റി മാരത്തൺ സിറ്റി പോലീസ് കമ്മീഷണർ T.നാരായണൻ കോഴിക്കോട് ബീച്ചിൽ ഫ്ളാഗ് ഓഫ് ചെയ്തു. മെഡിക്കൽ കോളേജ് അസിസ്റ്റന്റ് കമ്മീഷണർ ഉമേഷിന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ്, കുന്ദമംഗലം എന്നിടങ്ങളിലും ഫറോക്ക് സബ് ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർ സിദ്ദിക്കിന്റെ നേതൃത്വത്തിൽ ബേപ്പൂർ, ചാലിയം എന്നിവിടങ്ങളിലും മാരത്തൺ സംഘടിപ്പിച്ചിരുന്നു.

മേരാ യുവ ഭാരതും, NSS കോഴിക്കോടും ചേർന്ന് കോഴിക്കോട് ബീച്ചിൽ യൂണിറ്റി പദയാത്ര നടത്തി. കോഴിക്കോട് സായിയുടെ ആഭിമുഖ്യത്തിൽ 'ഫിറ്റ് ഇന്ത്യ റൺ' ഫോർ യൂണിറ്റിയും സംഘടിപ്പിച്ചു.

കണ്ണൂർ സിറ്റി പൊലീസ് പരേഡ് ഗ്രൗണ്ടിൽ നടത്തിയ യൂണിറ്റി റൺ സിറ്റി പോലീസ് കമ്മീഷണർ നിതിൻ രാജ് ഫ്ലാഗ് ഓഫ് ചെയ്തു.

പത്തനംതിട്ട ജില്ലാതല ഏകതാ പദയാത്ര നഗരസഭാ ചെയർമാൻ T.സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു.

✪✪✪

മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ 41-ാം രക്തസാക്ഷിത്വ ദിനം രാജ്യം ഇന്ന് ആചരിക്കുന്നു. തിരുവനന്തപുരം KPCC ആസ്ഥാനത്ത് ദിനാചരണത്തിന്റെ ഭാഗമായി പ്രത്യേക ചടങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 1984 ഒക്ടോബർ 31 ന് ന്യൂഡൽഹി സഫ്ദർജംഗ് റോഡിലെ ഔദ്യോഗിക വസതിയിൽ നിന്ന് ഓഫീസിലേക്കിറങ്ങിയ ഇന്ദിരാഗാന്ധിയ്ക്കു നേരെ അംഗരക്ഷകർ നിറയൊഴിക്കുകയായിരുന്നു. സായുധസേനയ്ക്ക് 1984

ജൂണിൽ സുവർണക്ഷേത്രത്തിൽ ഓപ്പറേഷൻ ബ്ലൂസ്റ്റാറിന് അനുമതി നൽകിയ പശ്ചാത്തലത്തിലായിരുന്നു ഇന്ദിരാഗാന്ധിയുടെ കൊലപാതകം.

✪✪✪

ഈ വർഷത്തെ മലയാളദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും നാളെ ഉച്ചയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം ദർബാർഹാളിൽ ഉദ്ഘാടനം ചെയ്യും. സജി ചെറിയാൻ അധ്യക്ഷനാകുന്ന ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി ഡോ.V.P.ജോയ് മുഖ്യപ്രഭാഷണം നടത്തും. ചീഫ്സെക്രട്ടറി ഡോ.A.ജയതിലക് ഭരണഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുക്കും.

മലയാളഭാഷയ്ക്കു വിലപ്പെട്ട സംഭാവനകൾ നൽകിയ K.K.സരസമ്മ, ഡോ.M.M.ബഷീർ എന്നിവരെ ചടങ്ങിൽ ആദരിക്കും. 'സമകാലിക ജനപഥം' ഭരണഭാഷാപതിപ്പിന്റെ പ്രകാശനവും, സംസ്ഥാനതല ഭരണഭാഷാപുരസ്കാര വിതരണവും മുഖ്യമന്ത്രി നടത്തും.

✪✪✪

വനംവകുപ്പിന്റെ മലയാള ദിനാഘോഷവും, ഭരണഭാഷാ വാരാചരണവും തിരുവനന്തപുരത്തെ വനശ്രീ ഓഡിറ്റോറിയത്തിൽ എഴുത്തുകാരൻ പ്രൊഫ. V.കാർത്തികേയൻ ഉദ്ഘാടനം ചെയ്യും. സമാപന സമ്മേളനം നവംബർ ഏഴിന് എഴുത്തുകാരൻ E.സന്തോഷ്കുമാർ ഉദ്ഘാടനം ചെയ്യും.

✪✪✪

കേരളത്തെ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വൈകിട്ട് ആണ് ചടങ്ങ്. ചലച്ചിത്ര താരങ്ങളായ മോഹൻലാൽ, മമ്മൂട്ടി, കമൽഹാസൻ തുടങ്ങിയവർ ചടങ്ങിൽ മുഖ്യാതിഥികളാവും. സംസ്ഥാനത്തെ 59,277 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചാണ് കേരളം ഈ ലക്ഷ്യം കൈവരിച്ചത്.

✪✪✪

അതിദാരിദ്ര്യമുക്ത പ്രഖ്യാപനം ഒരു ദിവസത്തെ തീരുമാനം കൊണ്ട് ഉണ്ടായതല്ലെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. 2021 ൽ LDF ഗവണ്മെന്റിന്റെ ആദ്യ മന്ത്രി സഭായോഗം ഇത് സംബന്ധമായ വിശദമാർഗരേഖ പുറത്തിറക്കിയിട്ടുണ്ടെന്ന് മന്ത്രി തിരുവനന്തപുരത്തു

വ്യക്തമാക്കി. എന്നാൽ ചിലർ ദാരിദ്ര്യമുക്ത സംസ്ഥാനത്തിന്റെ ക്രഡിറ്റ് നരേന്ദ്രമോദിക്കാണെന്ന് പറയുന്നത് വസ്തുതകൾ മനസ്സിലാക്കാതെയാണെന്നും രാജേഷ് പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ അതിദാരിദ്ര്യമുക്ത പ്രഖ്യാപനം തട്ടിപ്പാണെന്ന് കർഷക മോർച്ച സംസ്ഥാന ജനറൽ സെക്രട്ടറി രാംദാസ് മണലേരി പറഞ്ഞു. നാളെ രാവിലെ ഇതിനെതിരെ ജില്ലാകേന്ദ്രങ്ങളിൽ വായ മൂടിക്കെട്ടി പ്രതിഷേധ സമരം സംഘടിപ്പിക്കുമെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

ഗവൺമെന്റ് ജീവനക്കാർക്കും അധ്യാപകർക്കും മുഴുവൻ സമയ കണ്ടിൻജെന്റ് ജീവനക്കാർക്കും, തദ്ദേശ സ്ഥാപന ജീവനക്കാർക്കും, പെൻഷൻകാർക്കും നാല് ശതമാനം ക്ഷാമബത്ത അനുവദിച്ച് ഗസറ്റ് വിജ്ഞാപനമിറങ്ങി. ഇതോടെ ജീവനക്കാരുടെ ക്ഷാമബത്ത 18 ശതമാനത്തിൽ നിന്ന് 22 ശതമാനമായി ഉയർന്നു. മറ്റു വിഭാഗങ്ങൾക്കും ആനുപാതികമായ വർദ്ധന വരുത്തിയിട്ടുണ്ട്.

✪✪✪

സെക്രട്ടേറിയറ്റിനു മുന്നിൽ ആശാപ്രവർത്തകർ 255 ദിവസമായി തുടരുന്ന രാപ്പകൽ സമരം അവസാനിപ്പിക്കാൻ തീരുമാനിച്ചു. നാളെ സെക്രട്ടേറിയറ്റിനു മുന്നിലെ സമരപ്രതിജ്ഞാ റാലിയോടെ ഭാവി സമര പരിപാടികൾ ജില്ലകളിലേക്ക് വ്യാപിപ്പിക്കാനാണ് ആശമാരുടെ തീരുമാനം.

സമരപ്രതിജ്ഞാ റാലി പ്രതിപക്ഷ നേതാവ് VD സതീശൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന ഗവൺമെന്റ് വർദ്ധിപ്പിച്ച ആയിരം രൂപ ഓണറേറിയം അപര്യാപ്തമാണെന്ന് കാണിച്ചാണ് പ്രതിഷേധം ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നത്. പ്രതിമാസ ഓണറേറിയം 21,000 രൂപയാക്കണമെന്നും, വിരമിക്കൽ ആനുകൂല്യം പ്രഖ്യാപിക്കണമെന്നുമാണ് ആശമാരുടെ ആവശ്യം.

✪✪✪

ഡിജിറ്റൽ റീ സർവേ നടന്ന വില്ലേജുകളിൽ ഭൂമി ക്രയവിക്രയത്തിൽ ഇനി തട്ടിപ്പ് നടക്കില്ലെന്ന് മന്ത്രി K. രാജൻ പറഞ്ഞു. എന്റെ ഭൂമി പോർട്ടൽ വഴി മാത്രമേ ഇനി രജിസ് ട്രേഷൻ സാധ്യമാകൂ. ജില്ലാതല പട്ടയമേളകൾ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഡിജിറ്റൽ

സർവേ നടന്ന ഓഫീസുകളിൽ ഒരു സർവേയറെ അധികമായി നിയമിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

മന്ത്രി K.N.ബാലഗോപാൽ ഉച്ചകഴിഞ്ഞ് കണ്ണൂരിലെ കോയിപ്ര- തെന്നം - മാവുള്ളപൊയിൽ പ്രധാൻമന്ത്രി ഗ്രാമീൺ സഡക് യോജനയിൽ നിർമിച്ച റോഡും പാലവും ഉദ്ഘാടനം ചെയ്യും. മാതമംഗലത്ത് C.P.നാരായണൻ സ്മാരക ഗവ. ഹയർസെക്കൻഡറി സ്കൂൾ കെട്ടിടവും, ഏഴോം ഗ്രാമപഞ്ചായത്ത് വാതക ശ്മശാനവും മന്ത്രി ഉദ്ഘാടനം ചെയ്യും.

വൈകീട്ട് ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ പള്ളിക്കരയിലെ സ്മാർട്ട് അങ്കണവാടി കെട്ടിടവും മന്ത്രി നാടിന് സമർപ്പിക്കും.

✪✪✪

കാടിന്റെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ മൃഗങ്ങൾ സ്വതന്ത്രമായി വിഹരിക്കുന്ന വിസ്മയ ലോകമൊരുക്കുകയാണ് തൃശ്ശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്ക്. സ്കൂൾ, കോളേജ് വിദ്യാർഥികൾക്ക് നാളെ മുതൽ പാർക്കിൽ പ്രവേശനം അനുവദിക്കും.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

...(വോയ്സ്)....

✪✪✪

ഇന്ത്യൻ ഹോക്കി ഇതിഹാസ താരവും ഒളിമ്പിക്സ് മെഡൽ നേടിയ ആദ്യ മലയാളിയുമായ, മാനുവൽ ഫ്രഡറിക് ബംഗളുരുവിൽ അന്തരിച്ചു. രാവിലെ ഒൻപതു മണിയോടെ ബംഗ്ളൂർ ആസ്റ്റർ CMI ആശുപത്രിയിലായിരുന്നു 78 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

1972 ൽ മ്യൂണിക് ഒളിമ്പിക്സ് ഹോക്കിയിൽ ഹോളണ്ടിനെ തോൽപ്പിച്ച് വെങ്കലം നേടിയ ഇന്ത്യൻ ടീമിൽ അംഗമായിരുന്നു. കായിക രംഗത്തെ സംഭാവന പരിഗണിച്ച് 2019 ൽ രാജ്യം ധ്യാൻചന്ദ് അവാർഡ് നൽകി മാനുവലിനെ ആദരിച്ചിരുന്നു. ഭൗതികശരീരം നാളെ ബംഗളൂരുവിൽ സംസ്കരിക്കും.

✪✪✪

ഇന്ത്യ- ഓസ്‌ട്രേലിയ ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1-45 ന് മെൽബണിൽ ആരംഭിക്കും.

കാൻബറയിൽ പരമ്പരയിലെ ആദ്യമത്സരം മഴ മൂലം ഉപേക്ഷിച്ചിരുന്നു.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ മറ്റന്നാൾ ദക്ഷിണാഫ്രിക്കയെ നേരിടും. നവിമുംബൈയിലെ DY പാട്ടീൽ സ്റ്റേഡിയത്തിലാണ് മത്സരം.

ഇന്നലെ ഓസ്‌ട്രേലിയയെ അഞ്ച് വിക്കറ്റിന് തകർത്താണ് ഇന്ത്യയുടെ ഫൈനൽ പ്രവേശം. 339 റൺസ് വിജയലക്ഷ്യവുമായി ബാറ്റ് ചെയ്ത ഇന്ത്യ, ഒൻപത് ബോൾ ശേഷിക്കെ അഞ്ച് വിക്കറ്റിന് ലക്ഷ്യം മറികടന്നു.

✪✪✪

കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ ജില്ലാ അക്കാദമി ലീഗ് ചാമ്പ്യൻഷിപ്പ് നാളെ തുടങ്ങും. അഞ്ച് പ്രായ വിഭാഗങ്ങളിലായി 49 അക്കാദമികളിലെ 3,500 ലേറെ കുട്ടികൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRTs :അനിൽ ചന്ദ്രൻ*
*DEO : ഷീബ*